(ഡി) ഇവർക്ക് എന്നത്തേക്ക് ദുരിതാശ്വാസനിധിയിൽനിന്ന് തുക നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീമതി ബ്രിജിത്തയ്ക്ക് 16-2-2015 ലെ സ.ഉ. (സാധ) 928/15/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 3000 രൂപ ചികിത്സാ സഹായമായി അനുവദിച്ചിരുന്നു. 3-7-2015-ന് ശ്രീമതി ബ്രിജിത്ത തുക കൈപ്പറ്റിയിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും കാരണം കാലതാമസം ഉണ്ടാകുന്നുണ്ട്.

(സി&ഡി) ശ്രീമതി റോസിലി പൗലോസിന് 2-7-2015-ലെ സ.ഉ. (സാധാ) നമ്പർ 3442/15/റവ. പ്രകാരം 30,000 രൂപ ധനസഹായം അനുവദിച്ചിട്ടുള്ളതും തുക രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി കൈമാറുന്നത്

78 (2571) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. സി. വകുപ്പിന്റെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് (ബ്ലോക്ക് നമ്പർ 45-ൽ റീ-സർവ്വേ 28/1,28/2-ൽ 185 സെന്റ് ഭൂമി) വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഭൂമി കൈമാറുന്നതിന് ജില്ലാ ഭരണകൂടം ആവശ്യമായ രേഖകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഭൂമി കൈമാറുന്നതിനുള്ള തടസ്സങ്ങൾ നീക്കി എത്രയും വേഗം ഭൂമി കൈമാറാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇല്ല. എസ്.സി. വകുപ്പിന്റെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറോട് മരങ്ങൾ ഉൾപ്പെടെയുള്ള ദേഹണ്ഡങ്ങളുടെയും ചമയങ്ങളുടെയും വിലകൂടി ഉൾപ്പെടുത്തി കമ്പോളവില നിശ്ചയിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി&ഡി) ഇല്ല. കൈമാറാനുദ്ദേശിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ ഉൾപ്പെടെയുള്ള ദേഹണ്ഡങ്ങളുടെയും ചമയങ്ങളുടെയും വില കമ്പോളവിലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ പൂർത്തിയാക്കി ആയത് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ

79 (2572) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കെടുതിയെ തുടർന്നുള്ള വെള്ളപ്പൊക്ക നിവേദന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്ത് ;

(ബി) വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ; മഴയെ തുടർന്നുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(സി) ഇതുസംബന്ധിച്ച് കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മഴക്കെടുതിമൂലം ഉണ്ടാകുവാൻ സാധ്യതയുള്ള കെടുതികൾ നേരിടുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യസാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സജ്ജീകരണമേർപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളുടെയും ഡോക്ടർമാരുടെയും ലഭ്യത